2026
JANUARY
23
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ആഗോള കടൽപായൽ ഉച്ചകോടിക്ക് കൊച്ചി വേദിയാകുന്നു



**കൊച്ചി:** കടൽപായൽ ഉൽപാദന രംഗത്ത് ഇന്ത്യയെ ആഗോള ശക്തിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ കടൽപായൽ എക്സ്പോയും ഉച്ചകോടിയും ജനുവരി 29നും 30നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കും. കടൽപായൽ വ്യവസായ മേഖലയിലെ ഏറ്റവും വലിയ സംഗമങ്ങളിലൊന്നിനാണ് കൊച്ചി വേദിയാകുന്നത്. വൈവിധ്യമായ കടൽപായൽ ഉൽപന്നങ്ങളും ഭക്ഷ്യവിഭവങ്ങളും അടങ്ങുന്ന എക്സ്പോയുണ്ട്. അമേരിക്ക, റഷ്യ, ഓസ്ട്രേലിയ, ഫ്രാൻസ്, സ്കോട്ട്ലൻഡ്, അയർലൻഡ്, മാലിദ്വീപ്, ഇന്തോനേഷ്യ, ശ്രീലങ്ക, ടാൻസാനിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കും. കടൽപായലിന്റെ സാമ്പത്തിക, പോഷകാഹാര, പാരിസ്ഥിതിക സാധ്യതകൾ പര്യവേക്ഷണം ചെയ്യാനായി നയതന്ത്രജ്ഞർ, ശാസ്ത്രജ്ഞർ, നിക്ഷേപകർ, സംരംഭകർ എന്നിവർ കൊച്ചിയിൽ ഒത്തുചേരും. ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, സിഎംഎഫ്ആർഐ, സെൻട്രൽ സാൾട്ട് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർ സംയുക്തമായാണ് എക്സ്പോയും ഉച്ചകോടിയും സംഘടിപ്പിക്കുന്നത്. കേന്ദ്ര കൃഷിമത്സ്യ മന്ത്രാലയങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന ചർച്ചകളിൽ ഈ മേഖലയിലെ നിക്ഷേപ സാധ്യതകൾക്കും സാങ്കേതിക കൈമാറ്റത്തിനും മുൻഗണന നൽകും.

ഉച്ചകോടിയിൽ, ഇന്ത്യയെ ആഗോള കടൽപായൽ സമ്പദ്വ്യവസ്ഥയുടെ കേന്ദ്രമാക്കാനുള്ള കർമപദ്ധതിക്ക് രൂപം നൽകും. കടൽപായൽ ഉൽപാദനം, വിപണനം, മൂല്യവർധിത ഉൽപന്നങ്ങൾ, നിക്ഷേപം, ഔഷധ നിർമാണം, കാലാവസ്ഥാ പ്രതിരോധം, സുസ്ഥിരത തുടങ്ങിയ മേഖലകളിൽ ചർച്ചകൾ നടക്കും. സംരംഭകർക്കും നിക്ഷേപകർക്കും അന്താരാഷ്ട്ര കമ്പനികളുമായി നേരിട്ട് സംവദിക്കാൻ കടൽപായൽ എക്സപോ വേദിയാകും. കടൽപായലിൽ നിന്നുള്ള വൈവിധ്യമായ ഉൽപന്നങ്ങൾ അടുത്തറിയാൻ പൊതുജനങ്ങൾക്ക് അവസരമൊരുക്കുന്നതാണ് വിഭവങ്ങളുടെ പ്രദർശനം. കടൽപായൽ രുചിക്കൂട്ടുകൾ, ആരോഗ്യ സംരക്ഷണ ഉൽപന്നങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ തുടങ്ങിയവ എക്സ്പോയിലുണ്ടാകും. കടൽപായൽ കൃഷിരീതികൾ നേരിട്ട് മനസ്സിലാക്കാനും ഈ മേഖലയിൽ സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്കും കടൽപായൽ എക്സ്പോ മുതൽക്കൂട്ടാകും.

# കേരള ട്രാവൽ മാർട്ട് കൊച്ചിയിൽ

**തിരുവനന്തപുരം:** രാജ്യത്തെ ഏറ്റവും വലിയ ട്രാവൽ മാർട്ടായ കേരള ട്രാവൽ മാർട്ടിന് (കെടിഎം) സെപ്റ്റംബർ 24ന് കൊച്ചിയിൽ തുടക്കമാകും. കെടിഎമ്മിന്റെ 13ാം പതിപ്പാണിത്. സമ്മേളനത്തിന്റെ ഉദ്ഘാടനം കൊച്ചിയിലെ ഗ്രാൻഡ് ഹയാത്ത് കൺവൻഷൻ സെൻററിൽ നടക്കും.

വെല്ലിംഗ്ടൺ ഐലൻഡിലെ സാഗര, സാമുദ്രിക കൺവൻഷൻ സെന്ററിൽ സെപ്റ്റംബർ 25 മുതൽ 27 വരെയാണ് മാർട്ടിന്റെ ഭാഗമായ ബിസിനസ് മീറ്റ് നടക്കുകയെന്ന് ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. വാണിജ്യ കൂടിക്കാഴ്ചകൾ, നയകർത്താക്കളുടെ യോഗങ്ങൾ, ദേശീയ അന്തർദേശീയ വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകൾ തുടങ്ങിയവയും മൂന്ന് ദിവസത്തെ മാർട്ടിലുണ്ടാകും.

400ലധികം അന്താരാഷ്ട്ര ബയർമാർ, 1500ലധികം ആഭ്യന്തര ബയർമാർ, മൈസ്, വെഡ്ഡിംഗ് പ്ലാനർമാർ തുടങ്ങിയവർ പരിപാടിയുടെ ഭാഗമാകും. 400ലധികം സെല്ലർ സ്റ്റാളുകൾ ഉണ്ടാകും. മൂന്ന് ദിവസങ്ങളിലായി 60,000ത്തിലധികം മുൻകൂട്ടി നിശ്ചയിച്ച ബിടുബി കൂടിക്കാഴ്ചകൾക്ക് സൗകര്യമൊരുക്കും.

ലെയ്ഷർ ടൂറിസം മേഖലയിലെ ശക്തമായ സാന്നിധ്യമാകുക, കേരളത്തിന്റെ സവിശേഷ സേവനങ്ങളായ വെൽനസ് ടൂറിസം, ആയുർവേദം, അനുഭവവേദ്യ കമ്മ്യൂണിറ്റി ടൂറിസം, സുസ്ഥിരപുനരുജ്ജീവന ടൂറിസം എന്നിവ അവതരിപ്പിക്കുക, അന്താരാഷ്ട്ര, ആഭ്യന്തര ടൂറിസം വിപണികളിൽ കേരളത്തെ മുൻനിര മൈസ്, വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി ഉയർത്തുക എന്നിവ കെടിഎം2026 ലക്ഷ്യമിടുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# പുതുതലമുറയുടെ ഡിജിറ്റൽ അഡിക്ഷൻ ആപത്കരം: ബ്രഹ്മോസ് എംഡി ഡോ. ജെ.ആർ.ജോഷി

**ഹൈദരാബാദ്:** യുവാക്കളുടെയും കൗമാരക്കാരുടെയും ഡിജിറ്റൽ അഡിക്ഷൻ അപകടകരമായി വർധിച്ചുകൊണ്ടിരിക്കുകയാണെന്നും അതിന്റെ മാനസിക പ്രത്യാഘാതങ്ങൾ സമൂഹം അതീവഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണെന്നും ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറും സി.ഇ.ഒയുമായ ഡോ. ജെയ്തീർഥ് ആർ. ജോഷി പറഞ്ഞു. മണപ്പുറം ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന 'ഡിജിറ്റൽ ഡിമെൻഷ്യ' മാനസികാരോഗ്യ ബോധവത്ക്കരണ പരമ്പരയുടെ നാലാം പതിപ്പ് ഹൈദരാബാദിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശാസ്ത്ര സാങ്കേതിക മുന്നേറ്റത്തിനൊപ്പം അതുപയോഗിക്കുന്നവരുടെ മാനസികാരോഗ്യ സംരക്ഷണത്തിനും തുല്യ പ്രാധാന്യം നൽകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ബംഗളൂരു നിംഹാൻസ് പ്രൊഫസറും ഡിജിറ്റൽ ഡിഅഡിക്ഷൻ വിദഗ്ധനുമായ ഡോ. മനോജ് ശർമ ബോധവത്കരണ പരിപാടി നയിച്ചു. ഡിജിറ്റൽ സാങ്കേതിക വിദ്യയിലുള്ള അമിതമായ ആശ്രിതത്വം യുവാക്കളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യത്തെ തകർക്കുകയും പല തരത്തിലുള്ള മാനസിക രോഗങ്ങൾക്ക അവരെ അടിമകളാക്കുകയും ചെയ്യുന്നുണ്ട്.

കുട്ടികൾ ഡിജിറ്റൽ സാങ്കേതിക വിദ്യയെ വിവേകപൂർവം ഉപയോഗപ്പെടുത്തുകയും ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് കൃത്യമായ ഇടവേളകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് ഡോ. ശർമ പറഞ്ഞു. മണപ്പുറം ഫിനാൻസ് എംഡി വി. പി. നന്ദകുമാർ ഡോ. ജെ.ആർ ജോഷിയെ ചടങ്ങിൽ ആദരിച്ചു. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന 200ഓളം പ്രമുഖ ബിസിനസുകാരും പ്രൊഫഷണലുകളും സെമിനാറിൽ പങ്കെടുത്തു. മണപ്പുറം ഫിനാൻസ് സീനിയർ പിആർഒ കെ.എം. അഷ്റഫ് ലയൺസ് ക്ലബ് ഇന്റർനാഷണൽ ലീഡർ സാജു ആന്റണി പാത്താടൻ തുടങ്ങിയവർ സംസാരിച്ചു.

# ഇന്ത്യാ–മാലദ്വീപ് സമുദ്രസുരക്ഷാ സഹകരണം ശക്തിപ്പെടുത്തണം: മഹാസാഗർ അന്താരാഷ്ട്ര സമ്മേളനം

**കൊച്ചി :** കൊച്ചിയിൽ നടന്ന 'ഇന്ത്യ ആന്റ് മാലദ്വീപ്: സൈലിങ്ങ് ദ മഹാ സാഗർ ടുഗദർ' ദ്വിദിന അന്താരാഷ്ട്ര സമ്മേളനം സമാപിച്ചു. സമുദ്രസുരക്ഷ, സുസ്ഥിര വികസനം, തന്ത്രപരമായ പങ്കാളിത്തം എന്നിവയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം ദീർഘകാലാടിസ്ഥാനത്തിൽ ശക്തിപ്പെടുത്തണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. കൊച്ചിയിലെ സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് , ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന സമ്മേളനത്തിൽ നയതന്ത്രജ്ഞർ, പ്രതിരോധ വിദഗ്ധർ, അക്കാദമിക് പണ്ഡിതർ എന്നിവർ പങ്കെടുത്തു. ജനക്ഷേമത്തിലും കൂട്ടായ സഹകരണത്തിലും അധിഷ്ഠിതമായ മഹാസാഗർ ദർശനം മേഖലയ്ക്ക് മാതൃകയാണെന്ന് സമ്മേളനം വിലയിരുത്തി. സമുദ്രവ്യാപാരം, ഊർജ്ജ സുരക്ഷ എന്നിവയിൽ ഇന്ത്യയും മാലദ്വീപും പങ്കിടുന്ന താൽപ്പര്യങ്ങൾ പരസ്പരബന്ധിതമാണ്. അതിനാൽ വിവരങ്ങൾ കൈമാറുന്നതിനും സുരക്ഷാ അവബോധത്തിനും മുൻഗണന നൽകണം.

സാമ്പത്തിക സഹായങ്ങൾ കേവലം രാജ്യങ്ങൾ തമ്മിലുള്ള വായ്പ നൽകലുകളിൽ ഒതുങ്ങാതെ, സാധാരണക്കാരായ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്ന വികസന പദ്ധതികളായി മാറണം.വിദ്യാഭ്യാസനൈപുണ്യ വികസന മേഖലകളിൽ കൂടുതൽ സ്കോളർഷിപ്പുകളും പങ്കാളിത്തവും ആവശ്യമാണെന്നും സമ്മേളനം വ്യക്തമാക്കി.






# ഇന്നത്തെ പരിപാടികൾ

## ഫോർട്ട് കൊച്ചി

### കൊച്ചിമുസിരിസ് ബിനാലെ

■ **ബാസ്റ്റ്യൻ ബംഗ്ലാവ്, എബിസി ആർട്ട് റൂം:** ചിത്രപുസ്തകങ്ങളിൽ ദുഃഖം എപ്രകാരമാണ് ചിത്രീകരിക്കപ്പെടുന്നത് ശിൽപ്പശാല രാവിലെ 10 മുതൽ

■ **വാട്ടർ മെട്രോ, എബിസി ആർട്ട് റൂം:** ഫീൽഡ് നോട്ട്സ് ഫ്രം ആൻ എൻടാംഗിൾഡ് വേൾഡ് ശിൽപ്പശാല രാവിലെ 10 മുതൽ

■ **ബാസ്റ്റ്യൻ ബംഗ്ലാവ്, പവിലിയൻ:** സോയിൽ അസംബ്ലി ചലച്ചിത്ര പ്രദർശനം 11.30 ന്

## കൊച്ചി

■ **ഹോട്ടൽ ലേ മെറീഡിയൻ:** മലേഷ്യൻ ടൂറിസത്തിന്റെ പെനാങ് റോഡ് ഷോ ഉച്ചയ്ക്ക് 12 ന്

■ **എറണാകുളം ഹൈക്കോർട്ട് ജെട്ടി ക്ലാസിക് ഇംപീരിയൽ ക്രൂയിസ് വെസൽ:** ഇൻലാന്റ് വാട്ടർവേയസ് ഡെവലപ്മെന്റ് കൗൺസിൽ ഉദ്ഘാടനം കേന്ദ്രമന്ത്രി സർബാനന്ദ സോണോവാൽ രാവിലെ 9.45

■ **വെണ്ണല ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയം:** വെണ്ണല ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ 118ാം വാർഷികാഘോഷം രാവിലെ 09 മുതൽ

## കാക്കനാട്

■ **കാക്കനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം:** എറണാകുളം ജില്ലാ സമിതി മുഖേനയുള്ള ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ അർഹരായ ഉദ്യോഗാർത്ഥികൾക്കുള്ള നിയമന ശുപാർശ വിതരണം ഉച്ചയ്ക്ക് 12 ന്

# കെഎസ്ആർടിസിയുടെ വിശ്വാസ്യത നിലനിർത്തുന്നതിൽ ജീവനക്കാരുടെ പങ്ക് വലുത്: മന്ത്രി

**തിരുവനന്തപുരം:** കെഎസ്ആർടിസിയുടെ വിശ്വാസ്യത നിലനിർത്താൻ ജീവനക്കാരുടെ മികച്ച പെരുമാറ്റവും പരിഷ്കാരങ്ങളോട് അവർ സഹകരിക്കുന്നതും വലിയ പങ്കുവഹിക്കുന്നുണ്ടെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ. പൊതുഗതാഗത രംഗത്ത് നൂതനമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് കെഎസ്ആർടിസിയും ജിസ്സും സംയുക്തമായി നടപ്പിലാക്കുന്ന പ്രത്യേക പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കെഎസ്ആർടിസിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 1,000 ഡ്രൈവർമാർക്കും 1,000 കണ്ടക്ടർമാർക്കുമാണ് പരിശീലനം നൽകുന്നത്.

ഇന്ത്യയിൽ ഇന്ന് പ്രവർത്തന ലാഭത്തിൽ മുന്നേറുന്ന ഏക പൊതുഗതാഗത കോർപ്പറേഷൻ കെഎസ്ആർടിസിയാണെന്ന് മന്ത്രി ഗണേഷ് കുമാർ പറഞ്ഞു. കോർപ്പറേഷന്റെ ശരാശരി പ്രതിദിന വരുമാനം 9 കോടി രൂപയ്ക്ക് മുകളിലെത്തിക്കാൻ സാധിച്ചു. ചില ദിവസങ്ങളിൽ ഇത് 11 മുതൽ 13 കോടി വരെയായി ഉയരുന്നു.

ഡ്രൈവിംഗ് മികവ്, ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, ആധുനിക ടിക്കറ്റിംഗ് മെഷീനുകളുടെ ഉപയോഗം, ഡിജിറ്റൽ കാർഡുകൾ, കൃത്യമായ കണക്ക് സൂക്ഷിക്കൽ തുടങ്ങിയവയിലാണ് പരിശീലനം നൽകുന്നത്. ഇപ്പോൾ പരിശീലനം ലഭിക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മാസ്റ്റർ ട്രെയിനർമാർ വഴി ഭാവിയിൽ മുഴുവൻ ജീവനക്കാർക്കും പരിശീലനം ഉറപ്പാക്കും.

ചടങ്ങിൽ സുരക്ഷിതമായ ഡ്രൈവിംഗ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പരിഗണിച്ച് തിരഞ്ഞെടുക്കപ്പെട്ട 15 ഡ്രൈവർമാർക്ക് മന്ത്രി അവാർഡുകൾ വിതരണം ചെയ്തു.

കെഎസ്ആർടിസിയുടെ സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള 'ഇബസ് ഒപ്റ്റിമൈസേഷൻ ടൂൾ' വീഡിയോയും ചടങ്ങിൽ പ്രദർശിപ്പിച്ചു. കെഎസ്ആർടിസി സി.എം.ഡി ഡോ. പി. എസ്. പ്രമോജ് ശങ്കർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജിസ്സ് സസ്റ്റൈനബിൾ അർബൻ മൊബിലിറ്റി ഡയറക്ടർ മഞ്ജുനാഥ് ശേഖർ പ്രൊജക്റ്റ് അവതരണം നടത്തി. കെഎസ്ആർടിസി ഫിനാൻഷ്യൽ അഡ്വൈസർ ഷാജി എ എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) ജി. പി. പ്രദീപ് കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) പി. എം. ഷറഫ് മുഹമ്മദ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ശ്വാസകോശം തകരാറിലായ കാനഡയിലെ മലയാളി വിദ്യാർത്ഥിക്ക് പുതുജീവൻ



**കൊച്ചി:** കാനഡയിൽ ഉപരിപഠനത്തിനിടെ ന്യൂമോണിയ ബാധിച്ച് ശ്വാസകോശത്തിന്റെ പ്രവർത്തനം ഗുരുതരമായി തകരാറിലായ മലയാളി വിദ്യാർത്ഥിക്ക് കൊച്ചിയിലെ സൺറൈസ് ആശുപത്രിയിൽ നടത്തിയ അതിസങ്കീർണ്ണമായ ശസ്ത്രക്രിയ സമ്മാനിച്ചത് രണ്ടാം ജന്മം. ഒന്റാറിയോയിലെ ബാരിയിൽ പ്രവർത്തിക്കുന്ന ഗ്രിഗോറിയൻ കോളേജിലെ മൂന്നാംവർഷ മെക്കാട്രോണിക്സ് വിദ്യാർത്ഥിയായ അനന്ത് കൃഷ്ണ ഹരീഷ്(20)നാണ് പുതുജീവിതം ലഭിച്ചത്.

കഴിഞ്ഞ സെപ്റ്റംബറിലാണ് നെഞ്ചുവേദന, പനി, കടുത്ത ശ്വാസതടസ്സം തുടങ്ങിയ ലക്ഷണങ്ങളെ തുടർന്ന് ഹരീഷിനെ കാനഡയിലെ പ്രമുഖ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അവിടെ നടത്തിയ പരിശോധനകളിൽ, ശ്വാസകോശത്തിന് ചുറ്റും പല ഭാഗങ്ങളിലായി അണുബാധിത ദ്രാവകം കെട്ടിക്കിടക്കുന്ന മൾട്ടി ലോക്കുലേറ്റഡ് പ്ലൂറൽ എഫ്യൂഷൻ എന്ന അവസ്ഥ കണ്ടെത്തി. അനന്തിന് 40 ദിവസത്തോളം ഐസൊലേഷനിൽ തുടരേണ്ടിവന്നു. ഇതിനിടെ നെഞ്ചുവേദനയും ശ്വാസതടസ്സവും കൂടുതൽ രൂക്ഷമായി. മരുന്നുകളും നെഞ്ചിൽ ട്യൂബ് ഘടിപ്പിച്ച് ദ്രാവകം നീക്കം ചെയ്യുന്ന ചികിത്സകളും നൽകിയിട്ടും കാര്യമായ പുരോഗതി ഉണ്ടായില്ല. ശ്വാസകോശത്തിന്റെ പ്രവർത്തനശേഷി കുറഞ്ഞ് സ്ഥിതി ആശങ്കാജനകമായതോടെ കുടുംബം ചികിത്സയ്ക്കായി അനന്തിനെ നാട്ടിലെത്തിക്കാൻ തീരുമാനിക്കുകയായിരുന്നു. 2025 നവംബർ 18ന് കൊച്ചിയിലെത്തിയ അനന്തിനെ സൺറൈസ് ആശുപത്രിയിലെ തോറാസിക് സർജറി വിഭാഗത്തിൽ പ്രവേശിപ്പിച്ചു നടത്തിയ പരിശോധനയിൽഇടത് ശ്വാസകോശത്തിനുള്ളിലെ അണുബാധ പഴകി പഴുപ്പിന് കട്ടികൂടി വിവിധ പാളികളായി കെട്ടിക്കിടന്ന് മൾട്ടി ലോക്കുലേറ്റഡ് എംപൈമ എന്ന ഗുരുതര അവസ്ഥയിലേക്ക് രോഗം രൂക്ഷമായതായി കണ്ടെത്തിയതായി കാർഡിയോ-തോറാസിക് സർജൻ ഡോ. നാസർ യൂസഫ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഇത് കാരണം നെഞ്ച് ഭാഗം ചുരുങ്ങി ഇടത് ശ്വാസകോശം വികസിക്കാൻ കഴിയാത്ത ട്രാപ്പ്ഡ് ലങ് അവസ്ഥയിലായിരുന്നു. അനന്ത് ഒരേയൊരു ശ്വാസകോശത്തിന്റെ സഹായത്തിലാണ് ശ്വസിച്ചിരുന്നത്. തുടർന്ന് അനന്തിനെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി. 15 × 12 × 4 സെ.മീ. വലുപ്പമുള്ള സിമന്റുപോലുള്ള കട്ടിയായി മാറിയ പാളികൾ നെഞ്ച് ഭിത്തിയോടും ഡയഫ്രത്തിനോടും ചേർന്ന് ശ്വാസകോശത്തെ പൂർണ്ണമായി കുടുക്കിയ അവസ്ഥയിലായിരുന്നു. ഒൻപത് മണിക്കൂറോളം നീണ്ട ശസ്ത്രക്രിയയിൽ, ഈ കട്ടിയുള്ള പാളികൾ ഓരോ മില്ലീമീറ്ററായി നീക്കം ചെയ്യുകയായിരുന്നു.

സുഖം പ്രാപിച്ച അനന്ത് കൃഷ്ണ നവംബർ 27ന് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജായി. ശസ്ത്രക്രിയയ്ക്ക് മുൻപ് ഒരു നില പോലും കയറാൻ പ്രയാസപ്പെട്ടിരുന്ന അനന്ത്, ആശുപത്രി വിട്ടപ്പോഴേക്കും ഏഴ് നിലകൾ വരെ അനായാസം കയറുന്ന നിലയിലേക്ക് ആരോഗ്യനില വീണ്ടെടുത്തിരുന്നു. ശസ്ത്രക്രിയയ്ക്കുശേഷം ശ്വാസകോശം വീണ്ടും വികസിക്കാൻ സഹായിക്കുന്ന തരത്തിൽ നേരത്തെ തന്നെ നടക്കാൻ തുടങ്ങിയതും, കൃത്യമായ ഫിസിയോതെറാപ്പിയും ഏറെ നിർണായകമായി ഡോക്ടർമാർ പറഞ്ഞു. ന്യൂമോണിയയ്ക്ക് ശേഷം തുടരുന്ന നെഞ്ചുവേദനയോ ശ്വാസതടസ്സമോ ഒരിക്കലും ലഘുവായി കാണരുതെന്നും സമയബന്ധിതമായ പരിശോധനയും വിദഗ്ധ ചികിത്സയും അനിവാര്യമാണെന്നും ഡോ. നാസർ യൂസഫ് വ്യക്തമാക്കി.

## ഡോക്ടേഴ്സ് റോയൽ ക്രിക്കറ്റ് ചാംപ്യൻഷിപ്പ്: മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ടീം ജേതാക്കൾ




**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചി റോയൽസ് സംഘടിപ്പിച്ച ഡോക്ടേഴ്സ് റോയൽ ലീഗ് സീസൺ-3 ക്രിക്കറ്റ് ചാംപ്യൻഷിപ്പിൽ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ചാംപ്യന്മാരായി. കാക്കനാട് യു.എസ്.സി ഗ്രൗണ്ടിൽ നടന്ന ഫൈനലിൽ കൊച്ചിൻ മോങ്ക്സിനെ തോൽപ്പിച്ചാണ് മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ടീം കിരീടം നേടിയത്. ടൈപ്പ്-1 പ്രമേഹമുള്ള കുട്ടികളുടെ ചികിത്സയ്ക്കായുള്ള ധനശേഖരണത്തിനായിട്ടായിരുന്നു ക്രിക്കറ്റ് ചാംപ്യൻഷിപ്പ് സംഘടിപ്പിച്ചത്. മത്സരത്തിൽ 12 ടീമുകൾ പങ്കെടുത്തു.

## സർവ്വദേവതാ മഹായജ്ഞം ഫെബ്രുവരി 6, 7, 8 തിയ്യതികളിൽ

**കൊച്ചി:** ശുഭ സഞ്ജീവനി ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഹിന്ദു ഇക്കണോമിക് ഫോറം ഗ്രേറ്റർ കൊച്ചിൻ ചാപ്റ്ററിന്റെ പിന്തുണയോടെ സംഘടിപ്പിക്കുന്ന സർവ്വദേവതാ മഹായജ്ഞം ഫെബ്രുവരി 6, 7, 8 തിയ്യതികളിൽ ഡി എച്ച് റോഡ് എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടക്കും. മഹായജ്ഞത്തിൽ അപൂർവ്വവും ചൈതന്യവത്തായതുമായ ഹോമങ്ങളും പൂജകളും ആചരിക്കും. പ്രത്യേകം നിർമിച്ച വലിയ യാഗശാലയിലാണ് പൂജ, ഹോമം, അന്നദാനം എന്നിവ നടക്കുക. ബ്രഹ്മശ്രീ വേഴപ്പറമ്പ് ചിത്രഭാനു നമ്പൂതിരിപ്പാടിന്റെ ആത്മീയ മാർഗനിർദ്ദേശത്തിലാണ് മഹായജ്ഞം നടക്കുന്നത്. കൊല്ലൂർ മൂകാംബികയിലെ ഡോ. നരസിംഹ അഡിഗ, നെല്ലിയോട് വിഷ്ണു നമ്പൂതിരി, പാമ്പുമേക്കാട് ശ്രീധരൻ നമ്പൂതിരി, ആറുപടൈ വീട് ശിവശ്രീ അശ്വിൻ ശിവാചാര്യ, മുല്ലപ്പിള്ളി കൃഷ്ണൻ നമ്പൂതിരി തുടങ്ങിയ പ്രമുഖ പണ്ഡിതർ ചണ്ഡികാ ഹോമം, ചക്രാബ്ജ പൂജ, സർപ്പബലി, സുബ്രഹ്മണ്യ ത്രിശതി അർച്ചന ഹോമം, ശ്രീചക്ര പൂജ തുടങ്ങിയ പ്രധാന ചടങ്ങുകൾക്ക് നേതൃത്വം നൽകും.

# ഓട്ടം തുള്ളൽ ഫസ്റ്റ് ലുക്ക് പുറത്ത്

സംവിധായകൻ ജി മാർത്താണ്ഡൻ ഒരുക്കുന്ന ഏറ്റവും പുതിയ ചിത്രമായ ഓട്ടം തുള്ളൽ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്. ഒരു തനി നാടൻ തുള്ളൽ എന്ന ടാഗ് ലൈനുമായി ആണ് ചിത്രം ഒരുക്കുന്നത്. ജി കെ എസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ മോഹനൻ നെല്ലിക്കാട്ട് നിർമ്മിക്കുന്ന ഈ ചിത്രം അവതരിപ്പിക്കുന്നത് ആധ്യ സജിത്ത് ആണ്. ബിനു ശശിറാം രചന നിർവഹിച്ചിരിക്കുന്ന ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത് വിജയരാഘവൻ, കലാഭവൻ ഷാജോൺ, വിഷ്ണു ഉണ്ണികൃഷ്ണൻ, ഹരിശ്രീ അശോകൻ എന്നിവരാണ്. ആദ്യാവസാനം പ്രേക്ഷകരെ പൊട്ടിച്ചിരിപ്പിക്കുന്ന ഒരു പക്കാ ഫാമിലി കോമഡി എന്റർറ്റൈനെർ ആയാണ് ചിത്രം ഒരുക്കുന്നതെന്നാണ് സൂചന.

പോളി വത്സൻ, ടിനി ടോം, മനോജ് കെ യു, കുട്ടി അഖിൽ, ബിനു ശശിറാം, ജിയോ ബേബി എന്നിവരും ചിത്രത്തിന്റെ താരനിരയിലുണ്ട്. മമ്മൂട്ടി നായകനായ ദൈവത്തിന്റെ സ്വന്തം ക്ളീറ്റസ്, അച്ഛാ ദിൻ, പൃഥ്വിരാജ് നായകനായ സൂപ്പർ ഹിറ്റ് ചിത്രം പാവാട, കുഞ്ചാക്കോ ബോബൻ നായകനായ ജോണി ജോണി യെസ് അപ്പ, റോഷൻ മാത്യു ഷൈൻ ടോം ചാക്കോ ടീം വേഷമിട്ട മഹാറാണി എന്നിവക്ക് ശേഷം ജി മാർത്താണ്ഡൻ ഒരുക്കുന്ന ആറാമത്തെ ചിത്രമാണ് ഓട്ടം തുള്ളൽ. ഹിരൺ മഹാജൻ, ജി മാർത്താണ്ഡൻ എന്നിവരാണ് ചിത്രത്തിന്റെ എക്സിക്കുട്ടീവ് പ്രൊഡ്യൂസർമാർ.

ഛായാഗ്രഹണം പ്രദീപ് നായർ, സംഗീതം രാഹുൽ രാജ്, ക്രിയേറ്റീവ് ഹെഡ് അജയ് വാസുദേവ്, ശ്രീരാജ് എകെഡി, എഡിറ്റർ ജോൺകുട്ടി, ആർട്ട് സുജിത് രാഘവ്, മേക്കപ്പ് അമൽ സി ചന്ദ്രൻ, വസ്ത്രലങ്കാരം സിജി തോമസ് നോബൽ, വരികൾ ബി കെ ഹരിനാരായണൻ, വിനായക് ശശികുമാർ, ധന്യ സുരേഷ് മേനോൻ, ചീഫ് അസ്സോസിയേറ്റ് ഡിറക്ടർസ് അജയ് ചന്ദ്രിക, പ്രശാന്ത് എഴവൻ, അസ്സോസിയേറ്റ് ഡിറക്ടർസ് സാജു പൊട്ടയിൽകട, ഡിഫിൻ ബാലൻ, പ്രൊഡക്ഷൻ കൺട്രോളർ ബിജു കടവൂർ, പ്രൊഡക്ഷൻ മാനേജർസ് റഫീഖ് ഖാൻ, മെൽബിൻ ഫെലിക്സ്, സ്ക്രിപ്റ്റ് അസ്സോസിയേറ്റ് ദീപു പുരുഷോത്തമൻ, സൗണ്ട് മിക്സിങ് അജിത് എ ജോർജ്, സൗണ്ട് ഡിസൈൻ ചാൾസ്, ഫിനാൻസ് കൺട്രോളർ വിഷ്ണു എൻ കെ, സ്റ്റിൽസ് അജി മസ്കറ്റ്, മീഡിയ ഡിസൈൻ പ്രമേഷ് പ്രഭാകർ, പിആർഒ ആൻഡ് മാർക്കറ്റിങ് വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, പിആർഒ വാഴൂർ ജോസ്.






# കണിമംഗലം കോവിലകം





തീപ്പൊരി ബെന്നി എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സംവിധായകൻ രാജേഷ് മോഹൻ രചനയും സംവിധാനവും നിർവഹിച്ച 'കണിമംഗലം കോവിലകം' തീയേറ്ററുകളിലെത്തി. യൂട്യൂബിൽ വൈറലായ കണിമംഗലം കോവിലകം എന്ന ഹിറ്റ് വെബ് സീരീസിനെ അടിസ്ഥാനപ്പെടുത്തി തന്നെ നിർമ്മിച്ചിരിക്കുന്ന ചിത്രം കോളേജ് ഹോസ്റ്റൽ പ്രമേയത്തിലാണ് ഒരുക്കിയിരിക്കുന്നത്.

യുവാക്കളെ കേന്ദ്രീകരിച്ചു കഥ പറയുന്ന ചിത്രം ഹൊറർ പശ്ചാത്തലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. മലയാള സിനിമ പ്രേക്ഷകർ ഇന്നേവരെ കാണാത്ത തരത്തിലുള്ള ഹൊറർ മൂവിയാണ് കണിമംഗലം കോവിലകം എന്നാണ് പ്രേക്ഷക അഭിപ്രായം. ചിത്രത്തിന്റെ ഫസ്റ്റ് ഹാഫ് ചെറിയ രീതിയിൽ ലാഗ് അടിപ്പിക്കുമ്പോഴും, ഒരു വെബ് സീരീസ് കാണുന്ന അനുഭവം തരുമ്പോഴും അതിനെയെല്ലാം കവച്ചു വെച്ച് കൊണ്ട് ഇന്റർവെൽ പഞ്ച് അത്യുഗ്രൻ രീതിക്കാണ് എടുത്ത് വെച്ചിരിക്കുന്നതെന്നും, സെക്കന്റ് ഹാഫ് തൊട്ട് സിനിമ ആവേശഭരിതമായ രീതിക്കാണ് കഥ പറഞ്ഞു പോകുന്നതെന്നുമാണ് ചിത്രത്തിന്റെ പ്രധാന ആകർഷകം. ട്വിസ്റ്റോട് ട്വിസ്റ്റ് തരുന്ന സെക്കന്റ് ഹാഫും, അവസാനത്തെ ഇരുപത് മിനിറ്റ് കാണിക്കുന്ന ക്ലൈമാക്സും പ്രേക്ഷകർക്ക് ഒരു പുത്തൻ അനുഭവം തന്നെയാണ്. വൻ ബജറ്റ് സിനിമകളുടെ ക്ലൈമാക്സിനോട് കിടപിടിക്കുന്ന ക്ലൈമാക്സ് ആണ് കണിമംഗലം കോവിലകത്തിന്റേത് എന്നൊരു അഭിപ്രായവും പ്രേക്ഷകവശത്തു നിന്ന് വരുന്നുണ്ട്. സിനിമയുടെ എൻഗേജ്മെന്റ് ഒട്ടും കുറയുന്നില്ല എന്നാണ് പ്രേക്ഷകവിധി. കൂടാതെ ചിത്രത്തിലെ സർപ്രൈസ് എൻട്രിയായി മലയാളത്തിന്റെ പ്രിയ താരം ധ്യാൻ ശ്രീനിവാസനും എത്തുന്നുണ്ട്.

മുഹമ്മദ് റാഫി, അജ്മൽ ഖാൻ, അഭികൃഷ്, ടോണി കെ. ജോസ്, അനൂപ് മുടിയൻ, വിഘ്നേഷ്, സാന്ദ്ര ചാണ്ടി, അമൃത അമ്മൂസ്, ഹിഫ്രാസ്, സിജോ സാജൻ, റിഷാദ് എൻ.കെ, ഗോപു നായർ, അശ്വന്ത് അനിൽകുമാർ, ധനിൽ ശിവറാം എന്നിവർ ഉൾപ്പെടെയുള്ള വലിയ താരനിരയാണ് ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നത്. എല്ലാവരുടെയും പെർഫോമൻസ് ഞെട്ടിക്കുന്ന തരത്തിലാണ് എന്നതിനോടൊപ്പം തന്നെ സാങ്കേതിക വശവും മികവുറ്റതാണ് . ക്ലാപ്പ് ബോർഡ് ഫിലിംസ്, ബ്രിട്ടീഷ് സിനിമാസ് എന്നീ ബാനറുകളുടെ കീഴിൽ ഹാരിസ് മൊയ്ദൂട്ടി, രാജേഷ് മോഹൻ, ജിഷ്ണു ശങ്കർ, ശ്രീധർ ചേനി എന്നിവർ ചേർന്നാണ് സിനിമയുടെ നിർമാണം. ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത് അജയ് ഫ്രാൻസിസ് ജോർജാണ്. സ്ഥിരം കോളേജ് ഹോസ്റ്റൽ കാഴ്ചകളിൽ നിന്ന് വ്യത്യസ്തമായി കുറെ കൂടി പുതുമ തരുന്ന വിധത്തിലാണ് ഛായാഗ്രഹണം ചെയ്തിരിക്കുന്നത്.

സംഗീത സംവിധാനം: ഡോൺ വിൻസെന്റ്, എഡിറ്റിങ്: പ്രേംസായ്, പ്രൊഡക്ഷൻ ഡിസൈൻ: അരുൺ വെഞ്ഞാറമൂട്, കലാസംവിധാനം: അനൂപ് വിജയകുമാർ, വസ്ത്രാലങ്കാരം: സുനിൽ ജോർജ്, കൊറിയോഗ്രഫി: ഷെരീഫ് മാസ്റ്റർ, പ്രൊഡക്ഷൻ കൺട്രോളർ: ഗിരീഷ് കൊടുങ്ങല്ലൂർ, കളറിസ്റ്റ്: ദീപക് ഗംഗാധരൻ, മേക്കപ്പ്: സുധി സുരേന്ദ്രൻ, ആക്ഷൻ കൊറിയോഗ്രാഫർ: അഭിഷേക് ശ്രീനിവാസ്, സ്റ്റണ്ട്സ്: അഷ്റഫ് ഗുരുക്കൾ, ഫൈനൽ മിക്സിങ്: ഡാൻ ജോസ്, ഗാനങ്ങൾ: മനു മഞ്ജിത്, സുഹൈൽ കോയ, വൈശാഖ് സുഗുണൻ, അനിറ്റ് കുര്യൻ ബെന്നി. ഗായകർ: ജാസി ഗിഫ്റ്റ്, ഇലക്ട്രോണിക് കിളി, സിയ ഉൽ ഹഖ്.






# കാട്ടാളൻ

ക്യൂബ്സ് എന്റർടൈൻമെന്റ്സിന്റെ ബാനറിൽ ഷെരീഫ് മുഹമ്മദ് നിർമ്മിക്കുന്ന ബ്രഹ്മാണ്ഡ ആക്ഷൻ ത്രില്ലർ ചിത്രമായ കാട്ടാളന്റെ ആദ്യ ടീസർ പുറത്ത്. ചിത്രത്തിലെ നായകൻ ആന്റണി വർഗീസ് കാട്ടിൽ ആനയുമായി ഏറ്റു മുട്ടുന്ന രംഗങ്ങൾ അവിശ്വസനീയമായ പൂർണ്ണതയോടെയാണ് ഒരുക്കിയിരിക്കുന്നതെന്നും ടീസർ കാണിച്ചു തരുന്നുണ്ട്. വിഎഫ്എക്സ് ഉപയോഗിക്കാതെ, യഥാർത്ഥ ആനയെ ഉപയോഗിച്ച് ആണ് ഈ സംഘട്ടന രംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്നതെന്നും ടീസറിൽ നൽകിയിരിക്കുന്ന ഡിസ്ക്ലെയിമറിൽ അണിയറ പ്രവർത്തകർ വ്യക്തമാക്കിയിട്ടുണ്ട്.

മെയ് 14 ന് ലോകമെമ്പാടുമുള്ള തിയേറ്ററുകളിലെത്തും. നവാഗതനായ പോൾ ജോർജ് ആണ് ചിത്രം സംവിധാനം ചെയ്യുന്നത്.

ദുഷാര വിജയൻ നായികയായി മലയാളത്തിലെത്തുന്ന ചിത്രത്തിൽ, പുഷ്പ, ജയിലർ എന്നിവയിലൂടെ പ്രശസ്തനായ തെലുങ്ക് താരം സുനിൽ, മാർക്കോയിലൂടെ മലയാളത്തിലെത്തി ശ്രദ്ധ നേടിയ കബീർ ദുഹാൻ സിംഗ്, പുഷ്പ ഫെയിം തെലുങ്കു താരം രാജ് തിരാണ്ടുസു, കിൽ എന്ന ബ്ലോക്ക്ബസ്റ്റർ ഹിന്ദി ചിത്രത്തിലൂടെ പ്രശംസ നേടിയ ബോളിവുഡ് താരം പാർഥ് തിവാരി, മലയാളത്തിൽ നിന്നും ജഗദീഷ്, സിദ്ദിഖ്, വ്‌ളോഗറും സിംഗറുമായ ഹനാൻഷാ, റാപ്പർ ബേബി ജീൻ, ഹിപ്സ്റ്റർ എന്നിവരും നിർണ്ണായക വേഷങ്ങൾ ചെയ്യുന്നു. ജോബി വർഗീസ്, പോൾ ജോർജ് , ജെറോ ജേക്കബ് എന്നിവർ ചേർന്ന് തിരക്കഥ രചിച്ച ചിത്രത്തിന്റെ സംഭാഷണങ്ങൾ ഒരുക്കുന്നത് ഉണ്ണി ആർ ആണ്. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിൽ ചിത്രം റിലീസിനെത്തും. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ജുമാന ഷരീഫ്, ഛായാഗ്രഹണം റെനഡിവേ, അഡീഷണൽ ഛായാഗ്രഹണം ചന്ദ്രു സെൽവരാജ്, സംഗീതം ബി അജെനീഷ് ലോക്നാഥ്, എഡിറ്റിംഗ് ഷമീർ മുഹമ്മദ്, സംഘട്ടനം കെച്ച കെംബാക്ഡി, ആക്ഷൻ സന്തോഷ്, പ്രൊഡക്ഷൻ ഡിസൈൻ സുനിൽ ദാസ്, ക്രീയേറ്റീവ് പ്രൊഡ്യൂസർ ഡിപിൽ ദേവ്, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, ഓഡിയോഗ്രഫി രാജകൃഷ്ണൻ എം ആർ, സൗണ്ട് ഡിസൈനർ കിഷൻ, സപ്ത റെക്കോർഡ്സ്, വസ്ത്രാലങ്കാരം ധന്യ ബാലകൃഷ്ണൻ, മേക്കപ്പ് റോണക്സ് സേവ്യർ, വരികൾ സുഹൈൽ കോയ, സ്റ്റിൽ ഫോട്ടോഗ്രാഫർ അമൽ സി സദർ, നൃത്തസംവിധാനം ഷരീഫ്, വിഎഫ്എക്സ് 3 ഡോർസ്, ഓവർസീസ് ഡിസ്ട്രിബ്യൂഷൻ പാർട്ണർ ഫാർസ് ഫിലിംസ്, പിആർ ആൻഡ് മാർക്കറ്റിങ് വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, മലയാളം പിആർഒ ആതിര ദിൽജിത്, ഹിന്ദി മാർക്കറ്റിങ് മാക്സ് മാർക്കറ്റിങ് ലിമിറ്റഡ്, തമിഴ് പിആർഒ സതീഷ് എസ് 2 ഇ, ശ്രീ വെങ്കടേഷ് പി, തമിഴ് ഡിജിറ്റൽ മാർക്കറ്റിങ് ആകാശ്, തെലുങ്ക് പിആർഒ വംശി ശേഖർ, തെലുങ്ക് ഡിജിറ്റൽ മാർക്കറ്റിങ് ഹാഷ്ടാഗ് മീഡിയ, ദിലീപ്, കന്നഡ പിആർഒ ശ്രേയ ഉഞ്ചലി, ടൈറ്റിൽ ഡിസൈൻ ഐഡൻറ് ലാബ്സ്, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്സ്.



# സ്വതന്ത്ര ജീവിതം സ്ത്രീകളുടെ അവകാശം സ്കോർച്ച്ഡ് എർത്ത്, അൺബ്രോക്കൺ ഫ്ളൈറ്റ്സുമായി ദേവപ്രിയയും ശൈലജയും

**കൊച്ചി:** ബീഹാറിലെ ജീവിതാനുഭവങ്ങളിൽ നിന്നും ജാർഖണ്ഡിലെ കൽക്കരി ഖനി ജീവിതങ്ങളിൽ നിന്നുമാണ് സ്റ്റുഡന്റ്സ് ബിനാലെ കലാകാരികളായ ദേവപ്രിയ സിംഗും ശൈലജ കേഡിയയും തങ്ങളുടെ സ്കോർച്ച്ഡ് എർത്ത്, അൺബ്രോക്കൺ ഫ്ളൈറ്റ്സ് എന്ന കലാസൃഷ്ടി രൂപപ്പെടുത്തിയത്. ഫോർട്ട് കൊച്ചി സെന്റ് ആൻഡ്രൂസ് പാരിഷ് ഹാളിലാണ് ഈ കലാസൃഷ്ടി പ്രദർശിപ്പിച്ചിട്ടുള്ളത്. ഖനികളിലെ ജീവിതവും സ്ത്രീകൾ ജീവിതത്തിൽ അനുഭവിക്കുന്ന പരിമിതമായ സ്വാതന്ത്ര്യത്തെയും കുറിച്ചാണ് ഈ പ്രദർശനം സംവദിക്കുന്നതെന്ന് സ്റ്റുഡന്റ്സ് ബിനാലെയിൽ മഹാരാഷ്ട്ര, ബിഹാർ, മധ്യപ്രദേശ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാസൃഷ്ടികളുടെ ചുമതല വഹിക്കുന്ന ക്യൂറേറ്റർമാരായ സെക്കുലർ ആർട്ട് കളക്ടീവ് (ഭൂഷൺ ബോംബാലെ, സാലിക് അൻസാരി, ഷമീം ഖാൻ, ഷമൂദ അമ്രേലിയ) വ്യക്തമാക്കി. ശൈലജ കേഡിയയുടെയും ദേവപ്രിയയുടെയും സൃഷ്ടികൾ അവർ ജീവിക്കുന്ന ചുറ്റുപാടുകളുടെ നേർക്കാഴ്ചയാണ്. ജാർഖണ്ഡിലെ ഖനന മേഖലയിലെ ചൂഷണ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലുള്ള പരിസ്ഥിതി, മുതലാളിത്തം, മണ്ണ്, ഉപജീവനം, എന്നിവയുടെ സങ്കീർണതകൾക്ക് സാക്ഷ്യം വഹിക്കുന്നു. സങ്കീർണ്ണമായ രചനകളിലൂടെ, ജീവിതാഭിലാഷങ്ങളിൽ ബിഹാറിലെ യുവതികൾ നേരിടുന്ന അസമത്വത്തെയാണ് ദേവപ്രിയ അഭിസംബോധന ചെയ്യുന്നത്. ചരിത്രങ്ങൾക്കപ്പുറം പ്രസക്തിയുള്ള ഇവരുടെ കലാപ്രവർത്തനങ്ങൾ സാമൂഹിക യാഥാർത്ഥ്യങ്ങളിലേക്കാണ് മിഴി തുറക്കുന്നതെന്നും ക്യൂറേറ്റർമാർ പറഞ്ഞു. ജാർഖണ്ഡിലെ കൽക്കരി ഖനികൾ രൂപപ്പെടുത്തിയ തീക്ഷ്ണമായ ജീവിതങ്ങളെയാണ് ശൈലജ കെഡിയയുടെ കരി കൊണ്ടെഴുതിയ ചിത്രം പ്രതിനിധാനം ചെയ്യുന്നത്. മലിനമായ വായു ശ്വസിക്കാനും പുകയ്ക്കും ഇരുട്ടിനും കീഴിൽ കഴിയാനും മനുഷ്യർ നിർബന്ധിതരാകുന്ന അവസ്ഥ ഇതിൽ പ്രതിഫലിക്കുന്നു. കനത്ത ഭാരങ്ങൾ ചുമക്കുന്നവരും ചൂഷണവും പരിസ്ഥിതി നാശവും മൂലമുണ്ടാകുന്ന ദുരിതങ്ങൾ അനുഭവിക്കുന്നവരുമായ നിശബ്ദ തൊഴിലാളികളായ മനുഷ്യരെയും മൃഗങ്ങളെയും ചിത്രത്തിലെ കഴുതകൾ പ്രതീകവത്കരിക്കുന്നു. തുണിയിൽ പതിപ്പിച്ച മൂന്ന് ചിത്രങ്ങൾ അടങ്ങുന്ന ദേവപ്രിയയുടെ സൃഷ്ടി, വീട്ടിലെ സ്ത്രീകളുടെ ഉത്തരവാദിത്തങ്ങളും അവരുടെ ആഗ്രഹങ്ങളും തമ്മിലുള്ള നിരന്തരമായ പോരാട്ടത്തെയാണ് ചിത്രീകരിക്കുന്നത്. മൺനിറങ്ങളും സ്വാഭാവികമായ തുണികളും ഉപയോഗിച്ചാണ് കലാരൂപം തയ്യാറാക്കിയിരിക്കുന്നത്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്ത്രീകളുടെ സ്വപ്നങ്ങൾ എങ്ങനെയാണ് അവഗണിക്കപ്പെടുന്നതെന്നും മാറ്റിവെക്കപ്പെടുന്നതെന്നും ഇത് വ്യക്തമാക്കുന്നു. കൂടാതെ, സമൂഹത്തിന്റെ പരമ്പരാഗതമായ ചിന്താഗതികളെ സൂചിപ്പിക്കുന്ന ചിറകുകളുള്ള ഒരു പുരുഷരൂപവും ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്. താൻ വളർന്നുവന്ന സാഹചര്യങ്ങളിൽ പെൺകുട്ടികൾക്ക് വീടിന് പുറത്തിറങ്ങാൻ പോലും അനുവാദം വേണമെന്ന് ദേവപ്രിയ പറയുന്നു. എങ്ങോട്ടാണ് പോകുന്നതെന്നും എപ്പോൾ തിരികെ വരുമെന്നും വ്യക്തമാക്കാതെ വീടിന്റെ പടി കടക്കാൻ പോലും പലർക്കും അനുവാദമില്ല. തന്റെ ഗ്രാമത്തിലെ സ്ത്രീകളുമായി നടത്തിയ നിരന്തരമായ സംഭാഷണങ്ങളിലൂടെയാണ് വീർപ്പുമുട്ടലുകളെക്കുറിച്ചും സ്വതന്ത്രമാകാനുള്ള ആഗ്രഹത്തെക്കുറിച്ചും ദേവപ്രിയ കൂടുതൽ മനസ്സിലാക്കിയത്. ഒരു മാസത്തോളം നീണ്ട പരിശ്രമത്തിലൂടെയാണ് ദേവപ്രിയ ഈ സൃഷ്ടി പൂർത്തിയാക്കിയത്.

# ടൊയോട്ട അർബൻ ക്രൂസർ എബെല്ല പുറത്തിറക്കി

**കൊച്ചി:** ഇന്ത്യൻ വിപണിയിലെ ആദ്യത്തെ പൂർണ്ണ ഇലക്ട്രിക് മോഡൽ അർബൻ ക്രൂയിസർ എബെല്ല ഇവി പുറത്തിറക്കി ടൊയോട്ട. പനോരമിക് സൺറൂഫ്, 10.1 ഇഞ്ച് ഇൻഫോടെയ്ൻമെന്റ് സ്ക്രീൻ, വെന്റിലേറ്റഡ് ഫ്രണ്ട് സീറ്റുകൾ, ആംബിയന്റ് ലൈറ്റിങ്, ചാരിയിരിക്കാനും സ്ലൈഡുചെയ്യാനും കഴിയുന്ന പിൻ സീറ്റുകൾ, വയർലെസ് മൊബൈൽ ചാർജർ, JBL മ്യൂസിക് സിസ്റ്റം, ലെവൽ 2 ADAS, 360ഡിഗ്രി കാമറ, ഏഴ് എയർ ബാഗുകൾ, ഡ്യുവൽടോൺ ചുവപ്പും കറുപ്പും ഇന്റീരിയർ തീം, 10.1ഇഞ്ച് ഡ്രൈവർ ഡിസ്പ്ലേ, 10.25ഇഞ്ച് ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, പുതിയ രണ്ട് സ്പോക്ക് സ്റ്റിയറിങ് വീൽ, ഇലക്ട്രിക്കലായി ക്രമീകരിക്കാവുന്ന ഡ്രൈവർ സീറ്റ്, കണക്റ്റഡ് കാർ സാങ്കേതികവിദ്യ എന്നിവയാണ് ഇതിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. 49kWh , 61 kWh ബാറ്ററി പായ്ക്കുകൾ വാഗ്ദാനം ചെയ്യുന്ന എസ് യുവിയിലെ ഇലക്ട്രിക് മോട്ടോർ ബാറ്ററി പായ്ക്കുമായി ബന്ധിപ്പിച്ചിരിക്കുന്നു. 49സണവ ബാറ്റി പായ്ക്ക് 142 ബിഎച്ച്പിയും 189 എൻഎമ്മും പവർ ഉൽപ്പാദിപ്പിക്കും. വലിയ യൂണിറ്റ് 172ബിഎച്ച്പിയും 189എൻഎമ്മും പവർ പുറപ്പെടുവിക്കും. ഒറ്റ ചാർജിൽ 543 കിലോമീറ്റർ വരെ സഞ്ചരിക്കാൻ കഴിയുമെന്ന് കാർ നിർമ്മാതാക്കൾ അവകാശപ്പെടുന്നു. പൂർണ്ണ എൽഇഡി ലൈറ്റിങ്, ഇടത് ഫ്രണ്ട് ഫെൻഡറിൽ ചാർജിംഗ് പോർട്ട്, 18 ഇഞ്ച് കറുത്ത അലോയ് വീലുകൾ, പുതിയ ഫ്രണ്ട് ബമ്പർ എന്നിവയും വാഹനത്തിന്റെ പ്രത്യേകതകളാണ്. കഫെ വൈറ്റ്, ബ്ലൂയിഷ് ബ്ലാക്ക്, ഗെയിമിംഗ് ഗ്രേ, സ്പോർട്ടിൻ റെഡ്, എന്റൈസിംഗ് സിൽവർ, ലാൻഡ് ബ്രീസ് ഗ്രീൻ ഡ്യുവൽ ടോൺ, സ്പോർട്ടിൻ റെഡ് ഡ്യുവൽ ടോൺ, എന്റൈസിംഗ് സിൽവർ ഡ്യുവൽടോൺ, കഫെ വൈറ്റ് ഡ്യുവൽ ടോൺ എന്നിവയാണ് മോഡലിന്റെ കളർ ഓപ്ഷനുകൾ. 25,000 രൂപയ്ക്ക് ബുക്കിങ് ആരംഭിച്ചിട്ടുണ്ട്. എന്ന പേരിൽ അറിയപ്പെടുന്നത്.



# റെറ്റിന വഴി ഹൃദയവൃക്ക രോഗങ്ങൾ തിരിച്ചറിയുന്ന എഐ സാങ്കേതികവിദ്യ; അമൃതയിലെ ഡോക്ടർക്ക് ദേശീയ പുരസ്കാരം

**കൊച്ചി:** പുറത്തേ കാഴ്ചകൾ മാത്രമല്ല, ശരീരത്തിന്റെ ആരോഗ്യനിലവാരം കൃത്യമായി വെളിപ്പെടുത്തുന്ന ഒരു ജാലകം കൂടിയായി ഇനി കണ്ണുകൾ മാറും. കണ്ണിലെ റെറ്റിന പരിശോധിച്ച് ഹൃദയാഘാതവും പക്ഷാഘാതവും വൃക്ക രോഗങ്ങളും മുൻകൂട്ടി പ്രവചിക്കാൻ കഴിയുന്ന എഐ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തതിലൂടെ കൊച്ചി അമൃത ആശുപത്രിയിലെ ഓഫ്താൽമോളജി വിഭാഗം മേധാവി ഡോ. ഗോപാൽ എസ്. പിള്ളൈ രാജ്യത്തിന്റെ ശ്രദ്ധാകേന്ദ്രമായിരിക്കുകയാണ്. ആരോഗ്യമേഖലയിലെ മികവിനുള്ള പ്രശസ്തമായ 'എൽസെവിയർ റൈസ്' പുരസ്കാരം ഇദ്ദേഹത്തെ തേടിയെത്തിയത് ഈ വിപ്ലവകരമായ നേട്ടത്തിനുള്ള അംഗീകാരമായാണ്. മനുഷ്യശരീരത്തിലെ രക്തക്കുഴലുകളും നാഡികളും യാതൊരു ശസ്ത്രക്രിയയും കൂടാതെ നേരിട്ട് കാണാൻ കഴിയുന്ന ഏക ഭാഗമാണ് റെറ്റിന. ഈ സവിശേഷതയെ എഐയുമായി ബന്ധിപ്പിച്ചാണ് 'Reti AI' എന്ന സാങ്കേതികവിദ്യ ഡോ. ഗോപാൽ എസ് പിള്ളൈയും സംഘവും രൂപപ്പെടുത്തിയത്. റെറ്റിനയുടെ ഫോട്ടോകൾ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിലൂടെ ഒരാൾക്ക് ഹൃദ്രോഗം, വൃക്കരോഗം അല്ലെങ്കിൽ സ്ട്രോക്ക് ഉണ്ടാകാനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് കൃത്യമായി ഇതിലൂടെ പ്രവചിക്കുന്നു. രാജ്യമെമ്പാടുമുള്ള നിരവധി എൻട്രികളിൽ നിന്ന് 'എത്തിക്കൽ ക്ലിനിക്കൽ എഐ' വിഭാഗത്തിലാണ് ഈ പ്രോജക്റ്റ് ഒന്നാമതെത്തിയത്. കൊച്ചി അമൃത ആശുപത്രിയിലെ ഡോക്ടർമാരായ ഡോ. രാജേഷ്. ടി, ഡോ. വിവേക് നമ്പ്യാർ, ഡോ. മെറിൻ ഡിക്സൺ, ഡോ. നാഗേഷ് സുബ്ബണ്ണ, ഡോ. ഐശ്വര്യ. എ., രാഹുൽ, അഞ്ജന എന്നിവർ പ്രൊജക്ടിൽ അംഗങ്ങളായി. പൂർണ്ണമായും ഇന്ത്യയിൽ തന്നെ വികസിപ്പിച്ചെടുത്തതാണ് ഈ സാങ്കേതികവിദ്യ. രോഗലക്ഷണങ്ങൾ പ്രകടമാകുന്നതിന് മുൻപേ തന്നെ വരാനിരിക്കുന്ന അപകടങ്ങളെ തിരിച്ചറിയാനും, കൃത്യസമയത്ത് ചികിത്സ തേടി വലിയ ആരോഗ്യപ്രശ്നങ്ങളിൽ നിന്ന് രക്ഷ നേടാനും ഈ കണ്ടുപിടുത്തം സഹായിക്കുന്നു. കേവലം ഒരു സാങ്കേതിക കണ്ടുപിടുത്തം എന്നതിലുപരി, ഉന്നതമായ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചതാണ് ഈ സംവിധാനത്തെ പുരസ്കാരത്തിന് അർഹമാക്കിയത്.

# ഫെബ്രുവരി മുതൽ പൊതുജനങ്ങൾക്കായി അമൃത് ഉദ്യാനം തുറക്കും

**ന്യൂഡൽഹി :** രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനം 2026 ഫെബ്രുവരി 3 മുതൽ മാർച്ച് 31 വരെ പൊതുജനങ്ങൾക്കായി തുറന്നിരിക്കും. ആഴ്ചയിൽ ആറ് ദിവസവും രാവിലെ 10 മുതൽ വൈകുന്നേരം 6 വരെ (അവസാന പ്രവേശനം വൈകുന്നേരം 5.15) പൊതുജനങ്ങൾക്ക് ഉദ്യാനം സന്ദർശിക്കാം. അറ്റകുറ്റപ്പണി ദിവസങ്ങളായ തിങ്കളാഴ്ചകളിലും മാർച്ച് 4 ന് ഹോളി ദിനത്തിലും ഉദ്യാനം അടച്ചിരിക്കും. ഉദ്യാനത്തിലേക്കുള്ള ബുക്കിംഗും പ്രവേശനവും സൗജന്യമാണ്. https://visit.rasthrapatibhavan.gov.in/ എന്ന വിലാസത്തിൽ ബുക്കിംഗ് നടത്താം. നേരിട്ടെത്തുന്ന സന്ദർശകർക്ക് പ്രവേശന പോയിന്റിന് സമീപം സെൽഫ് സർവീസ് വിസിറ്റേഴ്സ് രജിസ്ട്രേഷൻ കിയോസ്കുകൾ വഴി സേവനം ലഭ്യമാകും.

രാഷ്ട്രപതി ഭവന് സമീപത്തെ നോർത്ത് അവന്യൂവിന് സമീപമുള്ള 35ാം നമ്പർ ഗേറ്റാണ് എല്ലാ സന്ദർശകർക്കും അകത്തേക്കും പുറത്തേക്കുമുള്ള കവാടം. സന്ദർശകരുടെ സൗകര്യാർത്ഥം, സെൻട്രൽ സെക്രട്ടേറിയറ്റ് മെട്രോ സ്റ്റേഷനിൽ നിന്ന് ഗേറ്റ് നമ്പർ 35 ലേക്ക് രാവിലെ 9.30 നും വൈകുന്നേരം 6.00 നും ഇടയിൽ ഓരോ 30 മിനിറ്റിലും ഷട്ടിൽ ബസ് സർവീസ് ലഭ്യമാകും. 'ഷട്ടിൽ സർവീസ് ഫോർ അമൃത് ഉദ്യാനം' എന്ന പ്രത്യേക ബാനറിലൂടെ ഷട്ടിൽ ബസുകൾ തിരിച്ചറിയാം.




# പുതുതലമുറ ട്രക്കുകൾ പുറത്തിറക്കി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് ഏഴ് മുതൽ 55 ടൺ വരെ ഭാരം വഹിക്കാവുന്ന 17 ട്രക്കുകളുടെ അടുത്ത തലമുറ ഉൽപ്പന്നനിര പുറത്തിറക്കി. ഇതിലൂടെ സുരക്ഷ, ലാഭം, പുരോഗതി എന്നിവയിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുകയാണ് കമ്പനി. സമഗ്രമായ ഈ പുറത്തിറക്കലിലൂടെ പുതുപുത്തൻ അസുറ സീരീസ്, അത്യാധുനിക ടാറ്റ ട്രക്ക്സ് ഇവി ശ്രേണി, നിലവിൽ സ്ഥാനമുറപ്പിച്ചു കഴിഞ്ഞ പ്രൈമ, സിഗ്ന, അൾട്രാ പ്ലാറ്റ്ഫോമുകളുടെ നിർണായക അപ്ഗ്രേഡുകൾ എന്നിവ അവതരിപ്പിക്കുന്നു. സുരക്ഷിതവും വൃത്തിയുള്ളതും കൂടുതൽ കാര്യക്ഷമവുമായ ലോജിസ്റ്റിക്സിനായുള്ള വർദ്ധിച്ചുവരുന്ന ആവശ്യം മൂലം ഇന്ത്യയിലെ ട്രക്കിംഗ് രംഗം ദ്രുതഗതിയിലുള്ള പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നും പുതിയ അസുറ പരമ്പര, നൂതനവും ഉയർന്ന കാര്യക്ഷമതയുമുള്ള രണ്ട് പവർട്രെയിനുകൾ, തങ്ങളുടെ പുതിയ ഐഎംഒ ഇവി ആർക്കിടെക്ചറിലെ ഇന്ത്യയിലെ ഏറ്റവും വിശാലമായ സീറോ എമിഷൻ വൈദ്യുതി ട്രക്കുകളും ടിപ്പറുകളും അവതരിപ്പിച്ചുകൊണ്ട് ഞങ്ങൾ ഈ പാരമ്പര്യം മുന്നോട്ട് കൊണ്ടുപോകുന്നുവെന്നും ടാറ്റ മോട്ടോഴ്സ് ലിമിറ്റഡ് എംഡിയും സിഇഒയുമായ ഗിരീഷ് വാഗ് പറഞ്ഞു.

ഉൽപ്പാദനക്ഷമത, സുരക്ഷ, സുഖസൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന അസുറ, ക്ഷീണ രഹിത ഡ്രൈവിംഗ് അനുഭവത്തിനായി രൂപഭംഗിയേയും ലക്ഷ്യത്തെയും സംയോജിപ്പിക്കുന്നു. മികച്ച പ്രകടനവും കാര്യക്ഷമതയും നൽകുന്ന പുതിയ 3.6 ലിറ്റർ ഡീസൽ എഞ്ചിനാൽ പ്രവർത്തിക്കുന്ന അസുറ, വിശ്വാസ്യതയ്ക്കും പ്രവർത്തന സമയത്തിനും ഒരു പുതിയ മാനദണ്ഡം സ്ഥാപിക്കുന്നു. 7 മുതൽ 19 ടൺ വരെ ഭാരമുള്ള കോൺഫിഗറേഷനുകളിൽ അസുറ ശ്രേണി വാഗ്ദാനം ചെയ്യപ്പെടും, ഇകൊമേഴ്സ്, എഫ്എംസിജി വിതരണം മുതൽ വൈറ്റ് ഗുഡ്സ് ഡെലിവറി, നിർമ്മാണ സാമഗ്രികളുടെ ഗതാഗതം, കാർഷിക, വ്യാവസായിക ഉൽപ്പന്നങ്ങളുടെ നീക്കം, ഇന്റർസിറ്റി, മീഡിയംഹോൾ, റീജിയണൽ ലോജിസ്റ്റിക്സ് തുടങ്ങി വൈവിധ്യമാർന്ന ആപ്ലിക്കേഷനുകൾക്ക് ഇത് തികച്ചും അനുയോജ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.



# 1,750 യുവാക്കൾക്ക് കൂടി ഫ്യൂച്ചർടെക് പരിശീലനം നൽകി സാംസങ്

**കൊച്ചി:** നാഷണൽ യൂത്ത് ഡേയുടെ ഭാഗമായി സാംസങ് ഇന്നൊവേഷൻ ക്യാമ്പസ് (എസ്ഐസി) പദ്ധതിയിലൂടെ ഉത്തർപ്രദേശിൽ 1,750 വിദ്യാർത്ഥികളെ സർട്ടിഫൈ ചെയ്തതായി സാംസങ് ഇന്ത്യ അറിയിച്ചു. ലക്നൗവിലെ സിറ്റി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിൽ നടന്ന ചടങ്ങിൽ ഉത്തർപ്രദേശ് ഉന്നത വിദ്യാഭ്യാസ മന്ത്രി രജ്നി തിവാരി പങ്കെടുത്തു.

ഇതോടെ ഉത്തർപ്രദേശിൽ എസ്ഐസി പദ്ധതിയിൽ പരിശീലനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം 3,900 ആയി. സംസ്ഥാനത്ത് 5,000 യുവാക്കളെ പരിശീലിപ്പിക്കുകയാണ് സാംസങിന്റെ ലക്ഷ്യം. രാജ്യതലത്തിൽ 20,000 വിദ്യാർത്ഥികളെ അപ്സ്കിൽ ചെയ്യാനാണ് കമ്പനി പദ്ധതിയിടുന്നത്. ലക്നൗവിലെ പദ്ധതിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (950), കോഡിംഗ് & പ്രോഗ്രാമിംഗ് (550), ബിഗ് ഡാറ്റ (150), ഇന്റർനെറ്റ് ഓഫ് തിംഗ്സ് (100) എന്നീ മേഖലകളിലാണ് പരിശീലനം നൽകിയത്.

2022ൽ ഇന്ത്യയിൽ ആരംഭിച്ച എസ്ഐസി പദ്ധതി, പ്രത്യേകിച്ച് അർധനഗര, പിന്നാക്ക മേഖലകളിലെ വിദ്യാർത്ഥികൾക്ക് ഫ്യൂച്ചർടെക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇലക്ട്രോണിക്സ് സെക്ടർ സ്കിൽസ് കൗൺസിൽ ഓഫ് ഇന്ത്യയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ദേശീയതലത്തിൽ 44% സ്ത്രീപങ്കാളിത്തം രേഖപ്പെടുത്തിയ പദ്ധതിയിൽ സോഫ്റ്റ് സ്കിൽ പരിശീലനവും പ്ലേസ്മെന്റ് പിന്തുണയും ഉൾപ്പെടുന്നു. സാംസങ് സോൾവ് ഫോർ ടുമോറോ, സാംസങ് ദോസ്ത് എന്നിവയോടൊപ്പം ഇന്ത്യയുടെ ഡിജിറ്റൽ സ്കില്ലിംഗ് ലക്ഷ്യങ്ങൾ ശക്തിപ്പെടുത്താനുള്ള സാംസങിന്റെ ദീർഘകാല പ്രതിബദ്ധതയാണ് എസ്ഐസി പ്രതിഫലിപ്പിക്കുന്നത്.

# റിപ്പബ്ലിക് ഡേ: മോട്ടോറോള ഫോണുകൾക്ക് വിലക്കുറവ്

**കൊച്ചി :** ഫ്ളിപ്കാർട്ട് റിപ്പബ്ലിക് ഡേ വിൽപ്പനയിൽ മോട്ടോറോള ഫോണുകൾക്ക് വിലക്കുറവ്. മോട്ടോറോള എഡ്ജ് 60 പ്രോ, എഡ്ജ് 60 ഫ്യൂഷൻ, മോട്ടോ 96 5ജി, മോട്ടോ ജി 67 പവർ, മോട്ടോ ജി 57 പവർ തുടങ്ങിയ ഫോണുകൾക്കാണ് ഓഫർ. ട്രിപ്പിൾ 50എംപിഎഐപവർഡ് ക്യാമറ സിസ്റ്റമുള്ള മോട്ടോറോള എഡ്ജ് 60 പ്രോയ്ക്ക് 25,999 രൂപയും 1.5കെ ഓൾ കർവ്ഡ് ഡിസ്പ്ലേ, ട്രൂ കളർ സോണി ലിറ്റിയ 700സിക്യാമറയുമുള്ള എഡ്ജ് 60 ഫ്യൂഷന് 19,999 രൂപയുമാണ് ഓഫർ വിലകൾ. മോട്ടോ 96 5ജിക്ക് 16,999 രൂപ, മോട്ടോ 86 പവറിന് 15,999 രൂപ, മോട്ടോ ജി 67 പവർ 5ജിക്ക് 14,999 രൂപ, മോട്ടോ ജി 57ക്ക് 12,999 രൂപ എന്നിങ്ങനെയാണ് മറ്റ് റിപ്പബ്ലിക് ഡേ ഓഫർ വിലകൾ

# ഫുൾ പൈസ വസൂൽ സെയിൽ പ്രഖ്യാപിച്ച് സ്മാർട്ട് ബസാർ

**കൊച്ചി/മുംബൈ:** ഇന്ത്യയിലെ പ്രമുഖ റീട്ടെയിൽ ശൃംഖലയായ സ്മാർട്ട് ബസാർ 'ഫുൾ പൈസ വസൂൽ സെയിൽ' പ്രഖ്യാപിച്ചു. 2026 ജനുവരി 21 മുതൽ 26 വരെ രാജ്യത്തുടനീളമുള്ള എല്ലാ സ്മാർട്ട് ബസാർ സ്റ്റോറുകളിലും ഈ വിൽപ്പന നടക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. സീസണിലെ ഏറ്റവും ആകർഷകമായ ഓഫറുകളുമായി എത്തുന്ന ഫുൾ പൈസ വസൂൽ സെയിൽ, കുടുംബങ്ങൾക്ക് ദൈനംദിന ആവശ്യങ്ങൾക്കായുള്ള ചെലവിടലിൽ വലിയ തുക ലാഭിക്കാനുള്ള സുവർണ്ണാവസരമാണ് നൽകുന്നത്. ദൈനംദിന പലചരക്ക് സാധനങ്ങൾ മുതൽ ഗൃഹോപകരണങ്ങൾ വരെ, ഉൽപ്പന്നങ്ങളുടെ ഒരു വലിയ നിര തന്നെ ഓഫർ സെയിലിൽ ഉൾപ്പെടുന്നു. 5 കിലോ ബസ്മതി അരി + 2.73 ലിറ്റർ ഓയിൽ കോംബോ 749 രൂപയുടെ സ്മാർട്ട് വിലയിൽ ഉപഭോക്താക്കൾക്ക് ലഭിക്കും. ഏതെങ്കിലും രണ്ട് ബിസ്ക്കറ്റുകൾ വാങ്ങുമ്പോൾ, ഇഷ്ടമുള്ള ഒരെണ്ണം സൗജന്യമായി ലഭിക്കുന്നതാണ് മറ്റൊരു ഓഫർ. 2 ലിറ്റർ/കിലോ ഡിറ്റർജെന്റുകൾക്ക് ഏറ്റവും കുറഞ്ഞത് 30% കിഴിവുണ്ടെന്നതും പ്രത്യേകതയാണ്. സോപ്പുകളും ടൂത്ത്പേസ്റ്റുകൾക്കും കുറഞ്ഞത് 40 ശതമാനവും പ്രമുഖ ഷാംപൂ ബ്രാൻഡുകൾക്ക് ഫ്ളാറ്റ് 40 ശതമാനവും കിഴിവുണ്ട്. റെയ്മണ്ട്, വെൽസ്പൺ, ട്രൈഡന്റ് ബെഡ്ഷീറ്റുകൾ 1 വാങ്ങുമ്പോൾ മൂന്നെണ്ണം സൗജന്യമായി ലഭിക്കുന്ന വമ്പൻ ഓഫറുമുണ്ട്. 3പീസ് ഹാർഡ് ട്രോളി സെറ്റുകൾ (അരിസ്റ്റോക്രാറ്റ്, ട്രാവോൾഡ്)ക്ക് ഫ്ളാറ്റ് 85% കിഴിവും ഫുൾ പൈസ വസൂലിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ലൈഫ് 2ജാർ മിക്സർ ഗ്രൈൻഡർ വെറും 999 രൂപയ്ക്ക് ലഭ്യമാകുമെന്നും കമ്പനി അധികൃതർ വ്യക്താക്കി

# ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ പാലക്കാട് ആരംഭിച്ചു




**പാലക്കാട്:** ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ പാലക്കാട്ടെ കോഴിക്കോട് ബൈപാസ് റോഡിലെ എച്ച്.എം. ടവേഴ്സിൽ പ്രവർത്തനം ആരംഭിച്ചു. ആരോഗ്യപരിചരണവും കാഴ്ച ശക്തിയുടെ പ്രാധാന്യവും സമൂഹ ക്ഷേമത്തിൽ നിർണായകമാണെന്ന് ആശുപത്രിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ടു മന്ത്രി എം.വി. രാജേഷ് പറഞ്ഞു. പാലക്കാട് കേന്ദ്രം ആരംഭിച്ചതിലൂടെ പ്രദേശവാസികൾക്ക് സമീപത്തുതന്നെ ഉയർന്ന നിലവാരത്തിലുള്ള നേത്ര ചികിത്സ ലഭ്യമാകുന്നതായും, ഇത്തരം സംരംഭങ്ങൾ സംസ്ഥാനത്തിന്റെ ആരോഗ്യരംഗം കൂടുതൽ ശക്തിപ്പെടുത്തുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. നഗരസഭ ചെയർമാൻ പി. സ്മിതിഷ് ചടങ്ങിൽ അധ്യക്ഷനും നടൻ രാജേഷ് ഹെബ്ബർ മുഖ്യാതിഥിയുമായിരുന്നു. പാലക്കാട് കേന്ദ്രം ആരംഭിച്ചതിലൂടെ കേരളത്തിൽ ധാർമികവും നൂതനവുമായ നേത്ര ചികിത്സ ലഭ്യമാക്കുന്നതിനുള്ള സ്ഥാപനത്തൻറെ പ്രതിബദ്ധതയാണ് പ്രകടമാകുന്നതെന്ന് ചടങ്ങിൽ സംസാരിച്ച ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ റീജിയണൽ ഹെഡ് ക്ലിനിക്കൽ സർവീസസ് ഡോ. സൗന്ദരി എസ് പറഞ്ഞു.

ഓപ്പറേഷൻസ് ആൻഡ് ബിസിനസ് വൈസ് പ്രസിഡൻറ് ധീരജ് ഇ. ടി, ഡോ. രാജഗോപാലൻ നായർ എന്നിവർ പ്രസംഗിച്ചു. ആധുനിക രോഗനിർണയ സംവിധാനങ്ങളും നവീന ശസ്ത്രക്രിയാ സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തി സമഗ്രവും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ കണ്ണ് ചികിത്സയാണ് ആശുപത്രിയുടെ പ്രത്യേകത. തിമിരം, ഗ്ലൗക്കോമ, റെറ്റിന, കോർണിയ, റിഫ്രാക്ടീവ്, ഒക്യൂലോ പ്ലാസ്റ്റിക് തുടങ്ങിയ വിവിധ മേഖലകളിൽ സമ്പൂർണ നേത്ര ചികിത്സാ സേവനങ്ങൾ ഇവിടെ ലഭ്യമാകും. ഉദ്ഘാടനത്തിന്റെ ഭാഗമായി ജനുവരി 31 വരെ പൊതുജനങ്ങൾക്ക് സൗജന്യ സമഗ്ര കണ്ണ് പരിശോധനകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. രജിസ്ട്രേഷനായി 9594924101 ൽ ബന്ധപ്പെടുക.

# ഉൾനാടൻ ഹരിത ജലപാതകളുടെ വികസനം; ഐ.ഡബ്ല്യു.ഡി.സി 3.0 സമ്മേളനം കൊച്ചിയിൽ

**കൊച്ചി:** ഉൾനാടൻ ജലഗതാഗത മേഖലയുടെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുന്നതിനും, ഈ മേഖലയുടെ ഭാവി വികസന പ്രക്രിയ രൂപപ്പെടുത്തുന്നതിനുമായി സംഘടിപ്പിക്കുന്ന ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ (ഐ.ഡബ്ല്യു.ഡി. സി) മൂന്നാമത് സമ്മേളനം (ഐ.ഡബ്ല്യു.ഡി.സി 3.0) ഇന്ന് കൊച്ചിയിൽ നടക്കും. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ഉൾനാടൻ ജലഗതാഗതം കൂടുതൽ വികസിപ്പിക്കുന്നതിനുള്ള പുതിയ സംരംഭങ്ങൾക്ക് കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ തുടക്കം കുറിക്കും. കേന്ദ്ര സഹമന്ത്രി ശാന്തനു താക്കൂർ ചടങ്ങിൽ പങ്കെടുക്കും. ഉൾനാടൻ ജലഗതാഗത പദ്ധതികൾക്കായുള്ള കേന്ദ്രസംസ്ഥാന സഹകരണം ശക്തിപ്പെടുത്തുന്നതു ലക്ഷ്യമിട്ടുള്ള നിരവധി കരാറുകളിലും സമ്മേളനത്തിൽ ഒപ്പുവെക്കും. സുസ്ഥിര നഗര ജലഗതാഗത സംവിധാനം കെട്ടിപ്പടുക്കുക, ചരക്ക് ഗതാഗതത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക, യാത്രാ ഗതാഗതത്തിനായി ഹരിത യാനങ്ങൾ പ്രോത്സാഹിപ്പിക്കുക, നദീ ക്രൂയിസ് ടൂറിസം പ്രോത്സാഹിപ്പിക്കുക, ഡിജിറ്റൽ, സുസ്ഥിര രീതികൾ നടപ്പിലാക്കുക തുടങ്ങിയവ സമ്മേളനം ചർച്ച ചെയ്യും. കേരളത്തിൽ ദേശീയ ജലപാത3, ദേശീയ ജലപാത8, ദേശീയ ജലപാത9, ദേശീയ ജലപാത13, ദേശീയ ജലപാത59 എന്നിങ്ങനെ അഞ്ച് ദേശീയ ജലപാതകളാണുള്ളത്. ആകെ 465.89 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന ഇവയിൽ ദേശീയ ജലപാത 3, ദേശീയ ജലപാത 8, ദേശീയ ജലപാത 9 എന്നിവ നിലവിൽ പ്രവർത്തനക്ഷമമാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 3.559 ദശലക്ഷം ടൺ ചരക്ക് ഗതാഗതം ഇവയിലൂടെ സാധ്യമായി. കൊച്ചി മെട്രോയുടെ വിജയത്തെത്തുടർന്ന്, ആലപ്പുഴ, കൊല്ലം ജില്ലകളിലെ നഗര ജലഗതാഗത സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനുള്ള സാധ്യതാ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. തൃക്കുന്നപ്പുഴ ലോക്ക് ഗേറ്റിന്റെ നവീകരണം, ദേശീയ ജലപാത3 ലെ കോവിൽത്തോട്ടം മേൽപ്പാലത്തിന്റെ പുനർനിർമ്മാണം എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പ്രധാന ഉൾനാടൻ ജലഗതാഗത അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലാണ് ഐ ഡബ്ലിയു ഡി സി 3.0 ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഫെയർവേ വികസനം, ടെർമിനൽ പ്രവർത്തനങ്ങൾ, സംസ്ഥാന സർക്കാരുമായി ഏകോപിപ്പിച്ച് ഡ്രെഡ്ജ് ചെയ്ത വസ്തുക്കൾ നീക്കം ചെയ്യൽ തുടങ്ങിയയിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള സംരംഭങ്ങളും ചർച്ച ചെയ്യും. 2024ലും 2025ലും നടന്ന ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ സമ്മേളനങ്ങൾക്ക് ശേഷം കൈവരിച്ച പുരോഗതി ഏകീകരിക്കാനും, പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്താനും, സംസ്ഥാനങ്ങളുമായി കൂടുതൽ പങ്കാളിത്തത്തോടെ ഹരിത, സാങ്കേതികവിദ്യാധിഷ്ഠിത ഉൾനാടൻ ജലപാതകൾ വികസിപ്പിക്കാനും, ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ മൂന്നാമത് സമ്മേളനം ലക്ഷ്യമിടുന്നതായും ഉൾനാടൻ ജലപാത അതോറിറ്റി ഓഫ് ഇന്ത്യ ചെയർമാൻ സുനിൽ പാലിവാൾ പറഞ്ഞു.

# ടേം ഇൻഷുറൻസ് സാമ്പത്തിക പരിരക്ഷ നൽകും

**കൊച്ചി:** ടേം ലൈഫ് ഇൻഷുറൻസിന് അത്യാവശ്യമായ സാമ്പത്തിക പരിരക്ഷ നൽകാൻ കഴിയുമെന്നും, കുറഞ്ഞ പ്രീമിയത്തിൽ ഉയർന്ന ലൈഫ് കവർ നൽകുന്നതിനാൽ കുടുംബനാഥന്റെ അഭാവത്തിൽ പ്രിയപ്പെട്ടവരുടെ സാമ്പത്തിക ഭാവി സുരക്ഷിതമാക്കുന്നതിനുള്ള ഒരു ഉത്തമ മാർഗമാണിതെന്നും ഇൻഷുറൻസ് അവയർനെസ് കമ്മിറ്റിയുടെ വിലയിരുത്തൽ. പുകവലിക്കാത്ത, യാതൊരു രോഗാവസ്ഥയുമില്ലാത്ത 30 വയസുള്ള ആരോഗ്യവാനായ ഒരു പുരുഷന്, പ്രതിമാസം 1,000 രൂപയോളം പ്രീമിയം അടച്ചുകൊണ്ട് 30 വർഷത്തെ കാലാവധിയിൽ ഒരു കോടി രൂപയുടെ ഇൻഷുറൻസ് പരിരക്ഷ നേടാൻ അർഹതയുണ്ട്. പോളിസി ഉടമയുടെ മരണം സംഭവിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യത്തിൽ, പോളിസിയിൽ നിന്ന് ലഭിക്കുന്ന പണം കുടുംബത്തിന് അടിയന്തര ചെലവുകൾ വഹിക്കുന്നതിനും, കടങ്ങൾ വീട്ടുന്നതിനും, കുട്ടികളുടെ വിദ്യാഭ്യാസത്തിന് പണം കണ്ടെത്തുന്നതിനും, അല്ലെങ്കിൽ അവരുടെ ജീവിത നിലവാരം നിലനിർത്തുന്നതിനും സഹായിക്കുമെന്നും കമ്മിറ്റി വിലയിരുത്തി.

# ഐ.ബി.സി 2016 സെമിനാർ 23ന് നുവാൽസിൽ

**കൊച്ചി:** കേരള ഇൻസോൾവൻസി പ്രൊഫഷണൽസ് ഫോറം (കെ.ഐ.പി.എഫ്) ഐ.ബി.സി 2016 സെമിനാർ 23ന് വെള്ളിയാഴ്ച രാവിലെ ഒമ്പതിന് കളമശ്ശേരി നുവാൽസ് സെമിനാർ കോംപ്ലക്സിൽ നടക്കും. ഇൻസോൾവൻസി ആന്റ് ബാങ്കറപ്റ്റ്സി ബോർഡ് ഓഫ് ഇന്ത്യ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് കൊച്ചി, ഇൻസോൾവൻസി പ്രൊഫഷണൽ ഏജൻസി ഓഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. സെമിനാറിൽ ഐ.ബി.ബി.ഐ ന്യൂഡൽഹി അസിസ്റ്റന്റ് ജനറൽ മാനേജർ മൻപ്രീത് കൗർ, അഡ്വ. അമിർ ബവനി ഹൈദരബാദ് എന്നിവർ പ്രഭാഷണം നടത്തും. നുവാൽസ് വൈസ് ചാൻസലർ പ്രൊഫ. ഡോ. ജി.ബി റെഡ്ഡി മുഖ്യാതിഥിയും ഐ.പി.എ ഓഫ് ഐ സി എം എ ഐ മാനേജിംഗ് ഡയറക്ടർ ജി എസ് നരസിംഹ പ്രസാദ് വിശിഷ്ടാതിഥിയുമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9847991219 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# വാദിനാർ ഭിനാ പൈപ്പ്ലൈൻ നവീകരണം പൂർത്തിയാക്കി ബിപിസിഎൽ



**കൊച്ചി:** ആഭ്യന്തര ഊർജ്ജ സുരക്ഷയും ക്രൂഡ് ഓയിൽ കൈമാറ്റവും സുഗമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വാദിനാർ ഭിനാ പൈപ്പ്ലൈൻ ആധുനികവൽക്കരിച്ചു. ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) സ്ഥാപിച്ച പൈപ്പ്ലൈൻ ശൃംഖലയിലെ ഓട്ടോമേഷൻ, നിരീക്ഷണ സംവിധാനങ്ങൾ, സൈബർ സുരക്ഷ എന്നീ മേഖലകളിലാണ് നവീകരണ പ്രവൃത്തികൾ നടത്തിയത്. അത്യാധുനിക സംവിധാനങ്ങളുടെ സഹായത്തോടെ ക്രൂഡ് ഓയിൽ വിതരണം സുഗമമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ബിപിസിഎല്ലിന്റെ ഭിനാ റിഫൈനറിയിലേക്ക് അസംസ്കൃത എണ്ണ എത്തിക്കുന്നതിന് സ്ഥാപിച്ച പൈപ്പ്ലൈൻ ശൃംഖലയ്ക്ക് 937 കിലോമീറ്റർ നീളമുണ്ട്. പ്രതിവർഷം 7.8 ദശലക്ഷം മെട്രിക് ടൺ എണ്ണ കടത്തിവിടാൻ ശേഷിയുള്ള പൈപ്പ്ലൈനിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമില്ലാത്ത രീതിയിലാണ് നവീകരണം പൂർത്തിയാക്കിയത്. പൈപ്പ്ലൈൻ പദ്ധതി കാര്യക്ഷമമാക്കുന്നതിന് അത്യാധുനിക 'സ്കാഡ' (വ്യവസായ പ്രവർത്തനങ്ങളുടെ തത്സമയ നിരീക്ഷണവും വിവരശേഖരണവും ഉറപ്പാക്കുന്ന സംവിധാനം) സൗകര്യം വിജയകരമായി പൂർത്തീകരിച്ചതായി ബിപിസിഎൽ പൈപ്പ്ലൈൻ വിഭാഗം എക്സിക്യൂട്ടീവ് ഡയറക്ടർ ബിജു ഗോപിനാഥ് പറഞ്ഞു. സെർവറുകൾക്ക് കേടുപാട് സംഭവിച്ചാലും എണ്ണ വിതരണം തടസപ്പെടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫ്ളിപ്കാർട്ട് മാർക്കറ്റ്പ്ലേസ് ഗവർണൻസ് മെച്ചപ്പെടുത്തുന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ ഫ്ളിപ്കാർട്ട്, പ്ലാറ്റ്ഫോമിലുടനീളം വിശ്വാസവും ഉത്തരവാദിത്തവും നിയമാനുസൃതതയും ശക്തിപ്പെടുത്തുന്നതിനായി മാർക്കറ്റ്പ്ലേസ് ഗവർണൻസ് ഫ്രെയിംവർക്ക് കൂടുതൽ മെച്ചപ്പെടുത്തി. എഐ അധിഷ്ഠിത റിസ്ക് കണ്ടെത്തലും തുടർച്ചയായ നിരീക്ഷണവും ഉപയോഗിക്കുന്ന സെല്ലർഫസ്റ്റ് സംവിധാനത്തിലൂടെ ഓരോ മാസവും ലക്ഷക്കണക്കിന് ലിസ്റ്റിംഗുകൾ സ്റ്റാൻഡേർഡൈസ്ഡ് റെഗുലേറ്ററി പരിശോധനകൾക്ക് വിധേയമാക്കുന്നു. മുൻനിര സെല്ലർ വെറ്റിംഗ് സംവിധാനങ്ങൾ, തത്സമയ ഇൻഫ്രിൻജ്മെന്റ് കണ്ടെത്തൽ, മനുഷ്യ ഇടപെടലോടെയുള്ള ഓഡിറ്റുകൾ എന്നിവ തട്ടിപ്പുകൾ തടയാനും ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കാനും സഹായിക്കുന്നു. 11,000ത്തിലധികം ബ്രാൻഡുകൾ ഉൾപ്പെട്ട ഫ്ളിപ്കാർട്ടിന്റെ ബ്രാൻഡ് അഷ്വർ പദ്ധതി ഘടിത ഐപി സംരക്ഷണം സാധ്യമാക്കുന്നു. ഇതുവഴി സുതാര്യത ഉറപ്പാക്കുകയും യഥാർത്ഥ സെല്ലർമാരെ സംരക്ഷിക്കുകയും ഉപഭോക്താക്കൾക്ക് സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.